സൗരോർജ്ജ സംസ്കാരം

40(2028) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഒരു സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 6.37% വൈദ്യുതി ആവശ്യകത വർദ്ധിക്കുന്നുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആവശ്യത്തിന് അനുസരിച്ച് പുതിയ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല. സംസ്ഥാനത്തെ നിലയങ്ങളിൽനിന്നുള്ള ആഭ്യന്തര ഉത്പാദനത്തിനും കേന്ദ്രനിലയങ്ങളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതത്തിനും ഉപരിയായി ആവശ്യമായിവരുന്ന വൈദ്യുതി അന്യസംസ്ഥാന പ്ലാന്റുകളിൽനിന്ന് ദീർഘകാല മദ്ധ്യകാല കരാറുകൾവഴി വാങ്ങിയാണ് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ മേഖലകളിലും സൗരോർജ്ജത്തിന്റെ വ്യാപനം മുൻനിർത്തിക്കൊണ്ട് 2013-ൽ സർക്കാർ സൗരോർജ്ജനയം രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജ നയത്തിൽ 2017-ഓടെ 500 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉത്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാത്ത 7 മെഗാവാട്ടിലധികം ആകെ ശേഷിവരുന്ന 7000-ത്തിലധികം സൗരോർജ്ജ പ്ലാന്റുകൾ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജ പ്ലാന്റുകൾ വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രിഡുമായി ബന്ധിപ്പിക്കുന്ന 12 മെഗാവാട്ട് ആകെ ശേഷിവരുന്ന ചെറുകിട സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി അനെർട്ട് ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

ഈ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുവാനും സൗരോർജ്ജ നയം ലക്ഷ്യമിട്ടിട്ടുണ്ട്. 2000 സ്ക്വയർ ഫീറ്റിലധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും, 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000 സ്ക്വയർ ഫീറ്റിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും സ്ഥാപിക്കേണ്ടതാണ്.

സൗരോർജ്ജ നയത്തിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിക്കുകയും നിയമനിർമ്മാണ നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സൗരോർജ്ജ വൈദ്യുതിയാക്കി പരിവർത്തനം നടത്തി ഉപയോഗിക്കുന്ന സോളാർ ഫോട്ടോ വോൾട്ടായിക് പദ്ധതികൾ, സൗരോർജ്ജം ഉപയോഗിച്ച് ചൂടുവെള്ളം ഉണ്ടാക്കുന്ന സോളാർ തെർമൽ പദ്ധതികൾ എന്നീ മേഖലകളിൽ അനെർട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സൗരോർജ്ജം ഉപയോഗിച്ച് കമ്മ്യൂണിറ്റി കുക്കിംഗ് നടത്താനുള്ള ഒരു പൈലറ്റ് പദ്ധതി പരിഗണനയിലാണ്.

(ഡി) ഇല്ല.

സൗരോർജ്ജ പദ്ധതികൾ

41(2029) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ സൗരോർജ്ജ പദ്ധതികൾ വികസിപ്പിക്കുന്നതിനായി എത്ര തുക നീക്കിവയ്ക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly